# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2868** **18.06.2019 ൽ മറുപടിക്ക്**

**പി.ഡബ്ല്യൂ.ഡി.റസ്റ്റ് ഹൗസുകൾ നവീകരിക്കാൻ പദ്ധതി**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.എൻ. ഷംസുദ്ദീൻ** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസുകൾ പൊതുജനങ്ങൾക്കും മറ്റും ഉപകാരപ്രദമായ രീതിയിൽ നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ റസ്റ്റ് ഹൗസുകൾ പൊതുജനങ്ങൾക്കും മറ്റും ഉപകാരപ്രദമാകുന്ന രീതിയിൽ നവീകരിക്കുന്നതിന് ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അതിന്റെ ഭാഗമായി പല കേന്ദ്രങ്ങളിലും പുതുതായി ബ്ലോക്കുകൾ പണിയുകയും നിലവിലുള്ളവയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്തു വരുന്നുണ്ട്. കൂടാതെ റസ്റ്റ് ഹൗസ് ജീവനക്കാർക്ക് ഹോസ്പിറ്റാലിറ്റി ട്രെയിനിംഗ് നൽകി വരുന്നുണ്ട്. ജീവനക്കാർക്ക് യൂണിഫോം ഏർപ്പെടുത്തിയിട്ടുണ്ട്. ക്യാന്റീൻ സൗകര്യം ഉള്ള കേന്ദ്രങ്ങളിലൊക്കെ അവ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ഇതിനു പുറമെ ജില്ലയിലെ തെരഞ്ഞെടുത്ത ഓരോ റസ്റ്റ് ഹൗസും മോഡൽ റസ്റ്റ് ഹൗസാക്കി നവീകരിക്കാനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. അതിലേക്ക് 5.54 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തികൾ ടെണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്. റസ്റ്റ് ഹൗസുകളുടെ ബുക്കിംഗിനായി പൊതുജനങ്ങളുടെ സൗകര്യാർത്ഥം ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) സംസ്ഥാനത്തെ ഉപയോഗശൂന്യമായ പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസുകൾ മെച്ചപ്പെട്ട രീതിയിൽ നവീകരിക്കുവാനുള്ള നടപടികളുടെ വിശദാംശം നൽകുമോ? | (ബി) പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള എല്ലാ റസ്റ്റ് ഹൗസുകളും ഉപയോഗ യോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**